4. കൊച്ചിയിൽ നഴ്സിംഗ് കോളേജ്/നഴ്സിംഗ് സ്കൂൾ എന്നിവയുടെ ഹോസ്റ്റൽ

5. പുന്നപ്ര ആശുപത്രിയുടെ അനക്സ് ബിൽഡിംഗ്

6. പുന്നപ്ര എഞ്ചിനീയറിംഗ് കോളേജ് ലേഡീസ് ഹോസ്റ്റൽ

7. തലശ്ശേരി എഞ്ചിനീയറിംഗ് കോളേജ് ലേഡീസ് ഹോസ്റ്റൽ

(ഇ) കേപ്പിന് കീഴിൽ 6 എഞ്ചിനീയറിംഗ് കോളേജുകൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും ആധുനിക രീതിയിലുള്ള ലാബുകളും ലൈബ്രറികളും സജ്ജമാക്കിയിട്ടുണ്ട്. പുന്നപ്ര കേന്ദ്രീകരിച്ച് ലൈബ്രറികളുടെ ഇ-റിസോഴ്സ് സിസ്റ്റം തുടങ്ങുന്നതിനുള്ള നോഡൽ സെന്റർ ആയി പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിൽ ആവശ്യമായ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

തരിശിടുന്ന കൃഷി ഭൂമികളിൽ കൃഷി

25(*295) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ചെയ്യാതെ തരിശിടുന്ന കൃഷി ഭൂമികൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കാൻ ആലോചിച്ചിരുന്നോ ;

(ബി) എങ്കിൽ അക്കാര്യത്തിൽ എന്തെങ്കിലും പ്രായോഗിക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) അത്തരത്തിൽ കൃഷിയോഗ്യമായ എത്ര ഏക്കർ കൃഷി നിലങ്ങളാണ് തരിശിട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത് ;

(ഡി) കർഷർ തങ്ങളുടെ കൃഷി ഭൂമികൾ തരിശിടുന്നതിന്റെ കാരണങ്ങളെ കുറിച്ച് വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ പരിഹാര നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ട്

(ബി) തരിശുഭൂമികൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്ന പദ്ധതി 2011-12 വർഷത്തിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇത് സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരിച്ചു വരുന്നു.

(ഡി) ഉണ്ട്. കർഷകർ തങ്ങളുടെ കൃഷി ഭൂമികൾ തരിശ്ശിടുന്നതിന്റെ പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. കർഷരുടെ മുഖ്യ വരുമാനം കൃഷിയിലൂടെ അല്ലാത്ത അവസ്ഥ
2. ഭൂവുടമ സ്ഥലത്തില്ലാത്ത അവസ്ഥ
3. ഉയർന്ന ഉൽപാദന ചെലവ്
4. തൊഴിലാളികളുടെ യഥാസമയത്തുള്ള ലഭ്യതക്കുറവ്
5. കൃഷിക്കനുയോജ്യമായ യന്ത്രങ്ങളുടെ ലഭ്യതക്കുറവ്
6. കൃഷിയിൽ താൽപര്യമില്ലായ്മ
7. മറ്റ് സാമൂഹ്യ സാമ്പത്തിക അവസ്ഥ

ഗ്രൂപ്പ് ഫാമിംഗ്/ഗ്രൂപ്പ് മാനേജ്മെന്റ് സമ്പ്രദായം, കാർഷിക യന്ത്രവൽക്കരണം, വിവിധ പദ്ധതികൾ മുഖേന ലഭ്യമാകുന്ന സഹായധനങ്ങൾ തുടങ്ങിയവ മേൽ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാവുന്നുണ്ട്. ഇതിനുപുറമേ തരിശിടുന്ന കൃഷിഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിലൂടെ കൃഷി ഭൂമി തരിശിടുന്ന പ്രവണത കുറയ്ക്കുവാൻ കഴിയുന്നതാണ്.

ഊർജ്ജലഭ്യത വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ

26(*296) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നുവെന്നറിയിക്കുമോ ;

(ബി) ഈ പദ്ധതികളിലൂടെ എത്ര രൂപയുടെ കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടെന്നറിയിക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ,

(എ) ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെ ചേർക്കുന്നു ;

1. വിവിധ സൗരോർജ്ജ പദ്ധതികളായ
   (i) ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷന്റെ ഗ്രിഡ് കണക്ടഡ് പദ്ധതികൾ
   (ii) റൂഫ് ടോപ്, ഓഫ് ഗ്രിഡ് പ്രോജക്ടുകൾ
   (iii) വിദൂര ഗ്രാമവൈദ്യുതീകരണ പരിപാടി

LIBRARY ARCHIVES Kerala Legislative Assembly